**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2855** **18-03-2022 - ൽ മറുപടിയ്ക്ക്**

**നടപ്പിലാവാത്ത പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ നിലവിൽ വന്നതിനുശേഷവും പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കുന്നതിന് തീരുമാനിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാത്തവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; അവ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ നിലവിൽ വന്നതിനുശേഷവും പട്ടികജാതി, ക്ഷേമത്തിനായി നടപ്പിലാക്കുന്നതിന് തീരുമാനിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാത്തവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. 2017-18 & 2019-20 വർഷങ്ങളിൽ WORKING WOMENS HOSTEL FOR SCHEDULED CASTE – XXV-4225-01-283-85 2017-18 സാമ്പത്തിക വർഷം കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വർക്കിംഗ് വിമൺസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി അനുവദിച്ച 5,45,58,846/- രൂപയിൽ നിന്നും 50,00,000/- രൂപ മുൻകൂറായി മാറി Kerala Electrical and Allied Engineering Company Ltd. ന് നൽകുന്നതിന് ഉത്തരവ് നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ച ശീർഷകത്തിന്റെ നിയന്ത്രണാധികാരം മാത്രമാണ് പൊതുമരാമത്ത് വകുപ്പിനുള്ളതെന്നും ആകയാൽ ടി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സാധിക്കുകയില്ലായെന്നും നിർമ്മാണം ആരംഭിച്ച് അതിന്റെ പാർട്ട് ബിൽ ഹാജരാക്കിയാൽ ബിൽ സമർപ്പിച്ച് തുക ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നു. ഇക്കാരണത്താൽ ടി വർഷം തുക ചെലവഴിക്കാൻ സാധിച്ചില്ല. 2019-20 സാമ്പത്തിക വർഷം working womens hostel ന് ഒന്നാം പാർട്ട് ബിൽ തുകയായി 1,19,97,147/- രൂപയും, 27/03/21 ലെ ഉത്തരവ് പ്രകാരം 88,18,142/- രൂപയും ഉൾപ്പെടെ ആകെ 2,08,15,289/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ways and means clearance ലഭിയ്ക്കാത്തതിനാൽ ടി ശീർഷകത്തിൽ ബജറ്റ് വിഹിതം ചെലവഴിക്കാൻ സാധിച്ചില്ല. 2. 2018-19 & 2019-20 വർഷങ്ങളിലെ |

pooled fund for special Projecs proposed by other Departments under SCP-XXV-2225-01-800-26 പ്രത്യേക ഘടക പദ്ധതിയുടെ കീഴിൽ മറ്റു വകുപ്പുകൾ ശുപാർശ ചെയ്യുന്ന പ്രത്യേക പദ്ധതികൾക്കുള്ള പൂൾഡ് ഫണ്ട് ഇനത്തിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ, വിവിധ വകുപ്പുകളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ചിരുന്നുവെങ്കിലും അനുയോജ്യമായ പ്രൊപ്പോസലുകൾ ലഭ്യമാകാതെ വന്നതിനാൽ ടി ശീർഷകത്തിൽ തുക ചെലവഴിക്കുവാൻ സാധിച്ചില്ല. 3. 2018-19, 2019-20 വർഷങ്ങളിൽ ADDITIONAL STATE ASSISTANCE TO POST-MATRIC STUDENTS-XXV-2225-01-277-53 പ്രസ്തുത വർഷങ്ങളിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിലാണ് നടപ്പിലാക്കിയിരുന്നത്. മുഴുവൻ തുകയും സംസ്ഥാന സർക്കാർ മുൻകൂറായി ചെലവഴിക്കുകയും തുടർന്ന് കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം അർഹമായ തുകക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ച് കേന്ദ്ര വിഹിതം റിലീസ് ചെയ്തു വാങ്ങുകയുമാണ് ചെയ്തിരുന്നത്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയ്ക്കായി മതിയായ തുക വകയിരുത്തിയിരുന്നതിനാലാണ് മേൽ വർഷങ്ങളിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ തുക ചെലവഴിക്കാതിരുന്നത്. എന്നാൽ 2021-22 വർഷം മുതൽ കേന്ദ്ര വിഹിതം നേരിട്ട് വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നതിനാൽ കേന്ദ്ര നിരക്കിലുള്ള തുക കഴിച്ച് അധിക സംസ്ഥാന വിഹിതമായിവരുന്ന തുക ADDITIONAL STATE ASSISTANCE TO POST MATRIC STUDENTS എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നു. 4. 2018-19, 2020-21 & 2021-22 Purchase of Land for the Construction of Building for New MRS and Hostels-XXV-4225-01-277-88 എം.ആർഎസ്സുകൾക്കും പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകാത്തതിനാൽ ടി ശീർഷകത്തിൽ തുക ചെലവഴിക്കാൻ സാധിച്ചില്ല. 5. 2019-20 വർഷത്തെ പദ്ധതിയായ SHARE CAPITAL CONTRIBUTION – KERALA STATE FEDERATION OF SCs/STs DEVELOPMENT CO-OPERATIVE LIMITED-XXV-4225-80-195-99 കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് 2019-20സാമ്പത്തിക വർഷം 185 ലക്ഷം രൂപ അനുവദിച്ച്

| | | | |
|---|---|---|---|
| | | | ഉത്തരവ് ആയിരുന്നുവെങ്കിലും Ways & Means നിയന്ത്രണങ്ങളാൽ പ്രസ്തുത തുക മാറി നൽകുന്നതിന് സാധിച്ചിരുന്നില്ല. 6. 2019-20 ലെ പദ്ധതിയായ Housing Scheme Homeless SCs under Life Mission-XXV-2225-01-283-84 2019-20 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി 400 കോടി രൂപ വകയിരുത്തിയിരുന്നതിൽ ലൈഫ് മിഷൻ ആവശ്യപ്പെട്ട 100 കോടി രൂപ അനുവദിക്കുന്നതിന് വകുപ്പ് ഉത്തരവ് നൽകിയെങ്കിലും Ways & Means clearance ലഭിക്കാത്തതിനാൽ ടി തുക പ്രസ്തുത വർഷം മാറി നൽകാൻ കഴിഞ്ഞില്ല. തുടർന്ന് 2020-21 വർഷം ടി തുക മാറി നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ബജറ്റിൽ ഉൾപ്പെടുത്തിയ എല്ലാ പദ്ധതികളും നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. |
| (ബി) | മേൽ പരാമർശിച്ച പദ്ധതികൾക്ക് ബജറ്റിൽ നീക്കി വയ്ക്കുമെന്ന് പ്രഖ്യാപിച്ച തുകയും യഥാർത്ഥത്തിൽ നീക്കി വച്ച തുകയും ചെലവഴിക്കാതെ ബാക്കിയായ തുകയും എത്രയാണെന്നുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പദ്ധതികൾക്ക് അതത് വർഷങ്ങളിൽ ചെലവ് രേഖപ്പെടുത്താത്തതിനാൽ പുതുക്കിയ ബജറ്റ് തുക ടി ശീർഷകങ്ങളിൽ ബാക്കിയായി വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl .No. | Name of Scheme | Year | Budget Estimate (Rs. in lakh) | Actual Budget Estimate (Rs. in lakh) |
|---|---|---|---|---|
| 1 | Working Womens Hostel for Scheduled Caste | 2017-18 | 150 | 150 |
| | | 2019-20 | 500 | 150 |
| 2 | Pooled Fund for Special Projects proposed by other Departments under SCP | 2018-19 | 100 | 55 |
| | | 2019-20 | 100 | 10 |
| 3 | Additional State Assistance to Post-Matric Students | 2018-19 | 1500 | 500 |
| | | 2019-20 | 5171 | 1000 |
| 4 | Purchase of Land for the Construction of Building for New MRS and Hostels | 2018-19 | 2500 | 2500 |
| | | 2020-21 | 2000 | 10 |
| | | 2021-22 | 2000 | 2000 |
| 5 | Share Capital Contribution – Kerala State Federation of SCs/STs Development Co-operative Limited | 2019-20 | 200 | 200 |
| 6 | Housing Scheme Homeless SCs under Life Mission | 2019-20 | 40000 | 40000 |

സെക്ഷൻ ഓഫീസർ